# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **13.12.2012 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1122**

## സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സർക്കാർ സ്ക്കൂളുകളും എയ്ഡഡ് സ്ക്കൂളുകളും അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (ബി) ഉണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരം പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 60 യു.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളുകളാക്കി 2011-12 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 36 യു.പി. സ്ക്കൂളുകൾ ഹൈസ്ക്കൂളുകളായി ഈ വർഷം അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| (സി) എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; | (സി) ഉണ്ട്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ലാബ്, ലൈബ്രറി, വൈദ്യുതി, അറ്റകുറ്റപണികൾ തുടങ്ങിയവയ്ക്കായി സർക്കാർ ഹൈസ്ക്കൂളുകൾക്ക് വാർഷിക ഗ്രാന്റായി എഴുപത്തി അയ്യായിരം രൂപാ വീതം നൽകുന്നുണ്ട്. കൂടാതെ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 60 |

| | | | |
|---|---|---|---|
| | | | സ്ക്കൂളുകൾക്ക് കെട്ടിട നിർമ്മാണ ത്തിനായി 20 ലക്ഷം രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. |
| (ഡി) | **അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത എയ്ഡഡ് സ്ക്കൂളു കളുടെ അംഗീകാരം പിൻവലി ക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ?** | (ഡി) | വിദ്യാഭ്യാസ അവകാശ നിയമ ത്തിന്റെ അടിസ്ഥാനത്തിൽ പരിശോ- ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ